14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203 — 20-01-2021 - ൽ മറുപടിയ്ക്ക്

## അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ജോലി നോക്കിവരുന്ന അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എണ്ണം എത്ര; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജീവനക്കാരുടെ ഓണറേറിയം എന്നു മുതലാണ് വർദ്ധിപ്പിച്ച് നൽകിയതെന്നും ഉയർത്തി നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 32986 അങ്കണവാടി വർക്കർമാരും 32986 അങ്കണവാടി ഹെൽപ്പർമാരും 129 മിനി അങ്കണവാടി വർക്കർമാരും ഉൾപ്പെടെ ആകെ 66101 അങ്കണവാടി ജീവനക്കാരുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2018, 2019 വർഷങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം 2016ൽ യഥാക്രമം 10000, 9250, 7000 രൂപയിൽ നിന്നും 2019 ഏപ്രിൽ മുതൽ യഥാക്രമം 12000, 11000, 8000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശംങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | വർദ്ധിപ്പിച്ച് നൽകിയ തുകയിൽ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ; വിശദാംശംങ്ങൾ ലഭ്യമാക്കുമോ; | (ബി) | അങ്കണവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് ഓണറേറിയം നൽകി വരുന്നത്. നിലവിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ഓണറേറിയം, മെയിൻ അങ്കണവാടി വർക്കർക്ക് 4,500/- രൂപയും മിനി അങ്കണവാടി വർക്കർക്ക് 3,500/- രൂപയും ഹെൽപ്പർക്ക് 2,250/- രൂപയുമാണ്. ഇത് 60:40 അനുപാതത്തിലാണ് നൽകേണ്ടത്. ഇതിൽ കേന്ദ്രവിഹിതം യഥാക്രമം 2700, 2100, 1350 രൂപയും സംസ്ഥാന വിഹിതം 1800, 1400, 900 രൂപയുമാണ്. ഇത് കൂടാതെ ഓണറേറിയം സംസ്ഥാന വിഹിതം മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 5,300/- രൂപ വീതവും ഹെൽപ്പർക്ക് 4,300/- രൂപയുമാണ്. ഇതിന് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 2,200/- രൂപ വീതവും |

| | | | |
|---|---|---|---|
| | | | ഹെൽപ്പർക്ക് 1,450/- രൂപയും നൽകുന്നുണ്ട്. 2016ൽ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും അധിക ഓണറേറിയം സംസ്ഥാന വിഹിതം 4,800/- രൂപ വീതവും, ഹെൽപ്പർക്ക് 4,050/- രൂപയും ആയിരുന്നത് 2019ൽ യഥാക്രമം 5,300/- രൂപയും 4,300/- രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുക ഉൾപ്പെടെ നിലവിൽ മെയിൻ അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ എന്നിവർക്ക് യഥാക്രമം 12,000/-രൂപ, 11,000/-രൂപ 8,000/- രൂപ എന്ന നിരക്കിലാണ് പ്രതിമാസം ഓണറേറിയം നൽകി വരുന്നത്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് ഉയർത്തി നൽകിയ പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ? | (സി) | സ.ഉ(എം.എസ്) നം. 31/2009/സാ.ക്ഷേ.വ, തീയതി, 07/08/2009 പ്രകാരം 01/09/2009 മുതൽ വിരമിച്ച അങ്കണവാടി വർക്കർക്ക് 500/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 300/- രൂപയും അങ്കണവാടി വെൽഫെയർ ഫണ്ടിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിച്ചു നൽകിയിരുന്നു. ആയത് സ.ഉ(കൈ)നം. 15/2017/സാ.നീ.വ, തീയതി 22/04/2017 പ്രകാരം അങ്കണവാടി വർക്കർക്ക് 1,000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 600/- രൂപയുമായി 2016 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. പ്രതിമാസ പെൻഷൻ 09/12/2019ലെ സ.ഉ(സാധാ)നം. 763/2019/ സാ.നീ.വ പ്രകാരം അങ്കണവാടി വർക്കർക്ക് 1,000/- രൂപയിൽ നിന്ന് 2,000/- രൂപയായും, അങ്കണവാടി ഹെൽപ്പർക്ക് 600/-രൂപയിൽ നിന്നും 1,200/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ നിരക്കിലുള്ള പെൻഷൻ ആണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

### 2016

| ക്രമ നം | കണക്ക് ശീർഷകം | അങ്കണവാടി വർക്കർ | മിനി അങ്കണവാടി വർക്കർ | ഹെൽപ്പർ |
|---|---|---|---|---|
| 1 | 2235-02-102-47 (P) (60/40 സെൻട്രൽ ഷെയർ) | 3000 (സെൻട്രൽ-1800 സ്റ്റേറ്റ്- 1200) | 2250 (സെൻട്രൽ-1350 സ്റ്റേറ്റ്-900) | 1500 (സെൻട്രൽ-900 സ്റ്റേറ്റ്-600) |
| 2 | 2235-02-102-55 (NP) സ്റ്റേറ്റ് ഷെയർ | 4800 | 4800 | 4050 |
| 3 | 2235-02-102-34 (NP) (LSGI ഷെയർ) | 2200 | 2200 | 1450 |
| | **ആകെ** | **10000** | **9250** | **7000** |

### 2018

| ക്രമ നം | കണക്ക് ശീർഷകം | അങ്കണവാടി വർക്കർ | മിനി അങ്കണവാടി വർക്കർ | ഹെൽപ്പർ |
|---|---|---|---|---|
| 1 | 2235-02-102-47 (P) (60/40 സെൻട്രൽ ഷെയർ) | 4500 (സെൻട്രൽ-2700 സ്റ്റേറ്റ്- 1800) | 3500 (സെൻട്രൽ-2100 സ്റ്റേറ്റ്- 1400) | 2250 (സെൻട്രൽ-1350 സ്റ്റേറ്റ്- 900) |
| 2 | 2235-02-102-55 (NP) സ്റ്റേറ്റ് ഷെയർ | 4800 | 4800 | 4050 |
| 3 | 2235-02-102-34 (NP) (LSGI ഷെയർ) | 2200 | 2200 | 1450 |
| | **ആകെ** | **11500** | **10500** | **7750** |

### 2019

| ക്രമ നം | കണക്ക് ശീർഷകം | അങ്കണവാടി വർക്കർ | മിനി അങ്കണവാടി വർക്കർ | ഹെൽപ്പർ |
|---|---|---|---|---|
| 1 | 2235-02-102-47 (P) (60/40 സെൻട്രൽ ഷെയർ) | 4500 (സെൻട്രൽ-2700 സ്റ്റേറ്റ്- 1800) | 3500 (സെൻട്രൽ-2100 സ്റ്റേറ്റ്- 1400) | 2250 (സെൻട്രൽ-1350 സ്റ്റേറ്റ്- 900) |
| 2 | 2235-02-102-55 (NP) സ്റ്റേറ്റ് ഷെയർ | 5300 | 5300 | 4300 |
| 3 | 2235-02-102-34 (NP) (LSGI ഷെയർ) | 2200 | 2200 | 1450 |
| | **ആകെ** | **12000** | **11000** | **8000** |

Section Officer